# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ : 3258

21.12..2012-ൽ മറുപടിക്ക്

## അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന മാരക രാസവസ്തുക്കൾ അടങ്ങിയ പാൽ

**ചോദ്യം**

ശ്രീ. കെ. കെ. ജയചന്ദ്രൻ :

(എ) പാലിന്റെ ഗുണമേന്മ നിശ്ചയിക്കൽ ശരിയായ രീതിയിൽ നടക്കുന്നില്ലെന്ന ആക്ഷേപത്തെക്കുറിച്ച് വിശദമാക്കാമോ ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിൽ മാരക രാസവസ്തുക്കൾ ചേർക്കുന്നതായുള്ള ആക്ഷേപത്തിന്റെ വെളിച്ചത്തിൽ ഇതിന് എന്ത് പരിഹാരമാർഗ്ഗമാണ് സർക്കാർ തലത്തിൽ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്.
(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

(എ) & (ബി) അന്യസംസ്ഥാനങ്ങളിൽ നിന്നെത്തുന്ന പാലിന്റെ സാമ്പിളുകൾ ഉൾപ്പെടെ മാർക്കറ്റിൽ ലഭ്യമാകുന്ന പാൽ സാമ്പിളുകൾ ഫുഡ് സേഫ്റ്റി കമ്മീഷണറുടെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബിൽ പരിശോധിക്കാറുണ്ട്. പാലിന്റെ ഉപഭോഗം കൂടുന്ന ഓണം പോലുള്ള ഉത്സവകാലത്ത് ചെക്ക്പോസ്റ്റ് കേന്ദ്രീകരിച്ച് സ്പെഷ്യൽ സ്ക്വാഡുകളുടെ നേതൃത്വത്തിൽ അന്യ സംസ്ഥാനത്തു നിന്നു വരുന്ന പാൽ പരിശോധനയ്ക്കായി എടുക്കാറുണ്ട്. അതാത് ത്തിൽ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പാലിൽ ഫോർമാലിൻ കണ്ടെത്തിയതിനെ തുടർന്ന് ഹെറിറ്റേജ് പദ്മനാഭ മെയ്ഡ്, ജേഷ്ഠ, കെ.സി.എ, ലയ എന്നീ പാൽ ബ്രാൻഡുകൾ സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. പരിശോധനകൾ കർശനമായി തുടരുന്നതാണ്.

സെക്ഷൻ ഓഫീസർ